(ബി) ആശുപത്രിക്ക് മൊത്തം വേണ്ടി വരുന്ന ചെലവ് എത്രയാണ് ;

(സി) ആരുടെയെല്ലാം സാമ്പത്തിക പങ്കാളിത്തം ഈ ആശുപത്രിയുടെ നടത്തിപ്പിൽ ഉണ്ടെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഏതെങ്കിലും കനേഡിയൻ കമ്പനി ഈ ആശുപത്രിക്കു വേണ്ടി സാമ്പത്തിക സഹായം നൽകിയോ എങ്കിൽ എത്ര ;

(ഇ) സാമ്പത്തിക സഹായം നൽകിയ കനേഡിയൻ കമ്പനിയും ഇലക്ട്രിസിറ്റി ബോർഡുമായി ഉള്ള സാമ്പത്തിക സാങ്കേതിക സഹകരണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ക്യാൻസർ ആശുപത്രിയുടെ ഭരണസമിതി അംഗങ്ങൾ ആരെല്ലാം ;

(ജി) ക്യാൻസർ ആശുപത്രിക്ക് സാമ്പത്തിക സഹായം നൽകിയതിന് പകരമായി കനേഡിയൻ കമ്പനിക്ക് എന്തെങ്കിലും സഹായമോ സൗജന്യമോ ഇലക്ട്രിസിറ്റി ബോർഡ് നൽകിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ആശുപത്രിക്കായി കനേഡിയൻ കമ്പനി സഹായം നൽകാൻ പ്രത്യേകിച്ച് വല്ല കാരണവും ഉണ്ടോ ;

(ഐ) കനേഡിയൻ കമ്പനി നൽകിയ സാമ്പത്തിക സഹായം പൂർണ്ണമായും ആശുപത്രിക്ക് വേണ്ടി തന്നെയാണോ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കൂത്തുപറമ്പിൽ പവർ വകുപ്പിന്റെ കീഴിൽ ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

(ബി-ഐ) പ്രസക്തമല്ല.

മലബാറിൽ കാൻസർ ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

128 (296) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പുനരുദ്ധാരണ പദ്ധതിയുടെ പേരിൽ മലബാറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കാൻസർ ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര കോടി രൂപയാണ് ഈ ഹോസ്പിറ്റലിനുവേണ്ടി നീക്കി വച്ചിരിക്കുന്നത് ;

(സി) ഇതിനുവേണ്ടി സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഹോസ്പിറ്റലും കെ.എസ്.ഇ.ബി.യും തമ്മിലുള്ള ബന്ധം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതികളുടെ പേരിൽ മലബാറിൽ കാൻസർ ആശുപത്രി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇടുക്കി പദ്ധതി മുതൽ കേരള സംസ്ഥാനവും കാനഡ ഗവൺമെന്റുമായി നിലനിന്നുവരുന്ന നല്ല ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കാനഡ ഗവൺമെന്റിന്റെ ഏജൻസിയായ സിഡായുടേയും അവിടെയുള്ള പ്രവിശ്യാ സർക്കാരുകൾ, മറ്റു വിവിധ ഏജൻസികൾ എന്നിവരുടെ സഹായത്തോടെ തലശ്ശേരിയിൽ സ്ഥാപിതമാകുന്ന കാൻസർ ആശുപത്രിയുടെ നിർമ്മാണ ജോലികൾ പുരോഗതിയിലാണ്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനു വേണ്ടി സർക്കാർ ഇതുവരെ 220 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഇതിനു വേണ്ടി ഊർജ്ജ വകുപ്പിന്റെ കീഴിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നമ്പർ 309/1997.

(ഡി) ഈ ഹോസ്പിറ്റലിന്റെ ഗവേണിംഗ് ബോഡിയിൽ കെ.എസ്.ഇ.ബി. ചെയർമാൻ ഒരംഗമാണ്.

സംസ്ഥാനത്തെ സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന പരാതികളും അപേക്ഷകളും

129 (297) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ .സി. പി. ബാലൻ വൈദ്യർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ പരാതികളും അപേക്ഷകളും തീർപ്പാകാതെ കെട്ടിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സഹകരണ മേഖലയിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷയിന്മേലും പരാതിയിന്മേലും തീർപ്പ് കൽപ്പിക്കുന്നതിനായി സഹകരണ അദാലത്തുകൾ നടത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചുവോ ;

(ഇ) സഹകരണ മേഖലയിൽ സഹകരണ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി നിയമ നിർമ്മാണം ആവശ്യമെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly